## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3038** 19.06.2018- ൽ മറുപടിയ്ക്ക്

## കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി

**ചോദ്യം**
**ശ്രീ.ആന്റണി ജോൺ**

(എ) റബ്ബറിന്റെ കനത്ത വിലയിടിവിൽ നട്ടം തിരിയുന്ന കർഷകർക്ക് അല്പമെങ്കിലും ആശ്വാസമായിരുന്ന ജാതി കൃഷിയും പ്രതിസന്ധിയിലായതോടെ കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ;

**ഉത്തരം**
**ശ്രീ.വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

(എ) ജാതി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി കൃഷിവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ജാതിയുടെ വിള വിസ്തൃതി വ്യാപനത്തിന് സംസ്ഥാന സർക്കാരിന്റെ സുഗന്ധ വിള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഹെക്ടർ കൃഷി ചെയ്യുന്നതിന് 20000 രൂപ വീതം സഹായം നൽകുന്നുണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ MIDH പദ്ധതി (മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടീകൾച്ചർ) പ്രകാരം ഹെക്ടറിന് 20000 രൂപ ധനസഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം ജാതി കൃഷിയിലെ സംയോജിത കീടനിയന്ത്രണത്തിന് 1200 രൂപയും ധന സഹായം നൽകുന്നുണ്ട്.

പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം സംഭവിച്ചാൽ കായ്ഫലമുള്ള മരമൊന്നിന് 400 രൂപയും കായ്ഫലമില്ലാത്ത മരമൊന്നിന് 150 രൂപയും നഷ്ട പരിഹാരമായി ലഭിയ്ക്കും. കൂടാതെ സംസ്ഥാന കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്ത ജാതി കർഷകർക്ക് പ്രകൃതി ക്ഷോഭം മൂലമോ, വന്യ മൃഗങ്ങളുടെ ആക്രമണം മൂലമോ കൃഷി നാശം സംഭവിച്ചാൽ കായ് ഫലം ഉള്ള മരങ്ങൾക്ക് 3000 രൂപ വീതം ആനുകൂല്യം ലഭിയ്ക്കുന്നതാണ്. കൂടാതെ സംസ്ഥാന - കേന്ദ്ര സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ജാതി കർഷകർക്ക്

| | | | |
|---|---|---|---|
| | | | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അധിവൃഷ്ടി, ശക്തമായ കാറ്റ്, വരൾച്ച കീടരോഗാക്രമണം എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കി നഷ്ടപരിഹാരം നൽകുന്നു. കൂടാതെ കൃഷി ഭവനുകളിൽ ജാതി കർഷകരുടെ ആവശ്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ സംസ്ഥാന സുഗന്ധ വിള ബോർഡിന്റേയോ സഹായത്തോടെ കർഷകർക്ക് സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ കൃഷിഭവൻ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ജാതിയ്ക്ക് മൂല്യവർദ്ധിത/ സംസ്കരണ യൂണീറ്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതി അനുസരിച്ച് 25 ലക്ഷം രൂപ വരെ മൂലധനം ആവശ്യമായി വരുന്ന യൂണീറ്റുകൾക്ക് 10 ലക്ഷം രൂപ സഹായധനമായി നൽകുന്നുണ്ട്. |
| (ബി) | റബ്ബർ കർഷകർക്ക് സബ്സിഡി നൽകുന്നതുപോലെ, ജാതി കർഷകർക്കും സബ്സിഡി അനുവദിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ ഫലപ്രദമായ പാക്കേജ് നടപ്പിലാക്കുമോ; | (സി) | കൃഷി ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) | കേന്ദ്ര ഗവൺമെന്റിന്റെ കർഷക വിരുദ്ധ നയം മൂലം പൊറുതി മുട്ടി, കർഷകർ കൃഷി ഉപേക്ഷിക്കുന്ന സ്ഥിതി ഒഴിവാക്കുവാൻ പുതിയ ആനുകൂല്യങ്ങൾ പാക്കേജിലൂടെ നടപ്പിലാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ? | (ഡി) | കർഷക താല്പര്യത്തിന് വിരുദ്ധമായ കേന്ദ്രനയങ്ങൾ തിരുത്തണം എന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് യഥാസമയം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ